## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 283 — 22/02/2016 - ൽ മറുപടിക്ക്

## വിവിധ വികസന അതോറിറ്റികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുള്ള വിവിധ വികസന അതോറിറ്റികൾ ഏതെല്ലാമാണ് ; ഇവയുടെ രൂപീകരണ ലക്ഷ്യം സഫലീകരിക്കപ്പെട്ടിട്ടുണ്ടോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും പെരിന്തൽമണ്ണ ആസ്ഥാനമായി വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് അതോറിറ്റി പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അതോറിറ്റികൾ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. |
| (ബി) വികസന അതോറിറ്റികൾ രൂപീകരിക്കപ്പെടുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൻമേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് നിലപാട് അറിയിക്കാമോ ; | (ബി) വികസന അതോറിറ്റികളുടെ ചുമതലകൾ പുതിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിലുള്ള യാതൊരുവിധ കടന്നു കയറ്റവും ഇതിൽ പ്രതിഫലിക്കുന്നില്ല. മാസ്റ്റർ പ്ലാൻ, വിസ്തൃത നഗര സംവിധാന പദ്ധതികളുടെ നടപ്പാക്കൽ, ലാൻഡ് പൂളിംഗ്, ലാൻഡ് ബാങ്ക്, ട്രാൻസ്ഫറബിൾ ഡവലപ്പ്മെന്റ് പെർമിറ്റ് എന്നീ ആധുനിക സങ്കേതങ്ങളുപയോഗിച്ചുള്ള പദ്ധതി ആവിഷ്കരണവും നടപ്പാക്കൽ എന്നിവയെല്ലാമാണ് അതോറിറ്റികളുടെ ചുമതലകളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. |
| (സി) പുതുതായി രൂപീകരിക്കപ്പെട്ട ഇത്തരം വികസന അതോറിറ്റികൾക്കായി നീക്കിവച്ച തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) **കോഴിക്കോട് വികസന അതോറിറ്റിയ്**ക്ക് 2014-15 ൽ 5 കോടിയും 2015-16 ൽ 5 കോടിയുമാണ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ലഭിച്ചത്. രണ്ടു വർഷത്തേക്കായി ലഭിച്ച തുകയ്ക്കുള്ള പദ്ധതികളുടെയെല്ലാം തന്നെ നിർവ്വഹണം നടന്നു വരികയും ചില പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>**വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് അതോറിറ്റിയ്**ക്ക് ഓഫീസ് പ്രവർത്തന ചെലവുകൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 72 ലക്ഷം രൂപ നൽകിയതിൽ 60,82,152 (അറുപതു ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുനൂറ്റി അമ്പത്തിരണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തന മേഖലയിൽപ്പെട്ട പഞ്ചായത്തുകളിൽ ഉൾപ്പെട്ട 8 സ്ഥലങ്ങളിൽ ലോ മാസ്റ്റ് എൽ.ഇ.ഡി സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 14.80 ലക്ഷം രൂപയും പെരിന്തൽമണ്ണ നാഷണൽ ഹൈവേ213 സൗന്ദര്യവൽക്കരണത്തിന് 9.50 ലക്ഷം രൂപയും |

ചെലവഴിച്ചിട്ടുണ്ട്.

**തൃശ്ശൂർ വികസന അതോറിറ്റിക്കു**വേണ്ടി 2014-15/2015-16 സാമ്പത്തിക വർഷങ്ങളിൽ 7,06,00,000/ രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 27,56,698/ രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

**കൊല്ലം വികസന അതോറിറ്റിക്ക്** 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ 5 കോടി രൂപ വീതം അനുവദിച്ചിരുന്നു. 2014-15 ൽ ലഭിച്ച 5 കോടിയിൽ നിന്ന് ഇത് വരെ 30 ലക്ഷം ചെലവഴിച്ചു. ബാക്കി തുകയ്ക്കുള്ള പദ്ധതികൾ തയ്യാറായിട്ടുള്ളതും അവയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. 2015-16 ൽ അനുവദിച്ച 5 കോടി രൂപയിൽ 90 ലക്ഷം നോൺ പ്ലാൻ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ അനുവദിച്ചു. ബാക്കി തുക ടി അതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.